**Desabhimani**

**28 August 2018**

**Kollam ; Relief Actions**



നടി മഞ്ജുവാര്യർ പന്തളം ചേരിക്കലിലെ ദുരിതാശ്വാസ ക്യാമ്പിലേക്ക് എത്തുന്നു

# അവർ ചിരിച്ച് മടങ്ങി

**പ്രത്യേക ലേഖകൻ**

**കോട്ടയം**

ദുരിതാശ്വാസക്യാമ്പായ കോട്ടയം പള്ളം ഹൈസ്ക്കൂളിൽ നിന്നുള്ളവരെ താൽക്കാലിക ആശ്വാസത്തിനുള്ള വസ്തുവകകൾ നൽകിയാണ് യാത്രയാക്കുന്നത്. പ്ലാസ്റ്റിക് കൂടിലെ കിറ്റിന് പകരം ഒരുചാക്കുകെട്ട്. ഇതുമായി തങ്ങൾ എങ്ങനെ കാവാലത്തിന് പോകുമെന്നായി അവർ. അതിന് വണ്ടികൾ ഏർപ്പാടാക്കിയിട്ടുണ്ടെന്ന് സിപിഐ എം ജില്ലാ സെക്രട്ടറി വി എൻ വാസവനും കർഷക സംഘം ജില്ലാ സെക്രട്ടറി കെ എം രാധാകൃഷ്ണനും അടക്കമുള്ള നേതാക്കൾ. കേട്ടു നിന്നവരുടെ കണ്ണുകൾ സന്തോഷം കൊണ്ട് നിറഞ്ഞു. “ സർവതും നഷ്ടപ്പെട്ട് വാവിട്ട് കരഞ്ഞോണ്ടാണ് ഞങ്ങൾ വന്നത്. ഇപ്പോൾ ഈ സ്നേഹം കണ്ട് സന്തോഷത്തോടെ മടങ്ങുന്നു. ഇനി സർക്കാർ സഹായം കൂടിയാകുമ്പോൾ മുന്നോട്ട് ജീവിക്കാനാകും.” ക്യാമ്പിലെ മുതിർന്ന അമ്മ രമണി കണിയാംപറമ്പിൽ പറഞ്ഞു.

സിപിഐ എമ്മും ഡിവൈഎഫ്ഐയും മറ്റ് വർഗ ബഹുജന സംഘടനകളും ചേർന്നാണ് ഇവിടുത്തെ 150 പേർക്കായി ചാക്ക് കെട്ട് ഒരുക്കിയത്. അരിയടക്കം 60 നിത്യോപയോഗ സാധനങ്ങൾ. കാവാലം, കുമരകം, കാഞ്ഞിരം എന്നിവിടങ്ങളിൽ നിന്നുള്ളവരായിരുന്നു ഈ ക്യാമ്പിൽ. :